CA/EC-313/2020

എക്സൈസ് കമ്മീഷണറുടെ കാര്യാലയം
തിരുവനന്തപുരം തീയതി:09.12.2020
ഫോൺ: 0471 - 2332632
eckerala.exc@kerala.gov.in

All officers.

പ്രേഷകൻ
എക്സൈസ് കമ്മീഷണർ
കേരള

ഗ്രാഹകൻ
ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർ (എല്ലാ ജില്ലകളും)

സർ,

വിഷയം: എക്സൈസ് ഓഫീസുകളിലെ പ്രവർത്തനം - വീഴ്ചകൾ പരിഹരിക്കുന്നത് - സംബന്ധിച്ച്

...

1. പല റെയിഞ്ച് ഓഫീസുകളിലും പ്രത്യേക പരിശോധനകളുള്ള (സർക്കുലർ നമ്പർ EXCENF/260/2020/XJ3 തീയതി: 23.11.2020) നിർദേശങ്ങൾ വേണ്ട രീതിയിൽ നടപ്പാക്കുന്നില്ല എന്നാണ് മനസ്സിലാകുന്നത്. ഈ ദിവസങ്ങളിലും പകൽ ഒരു തവണ ചുറ്റിക്കറങ്ങി, ഉച്ചക്കുശേഷവും വൈകുന്നേരങ്ങളിലും ഒരു പ്രവർത്തനവും ഇല്ലാത്ത അവസ്ഥ കാണപ്പെട്ടിട്ടുണ്ട്. ഇത് തുടരുവാൻ പാടില്ല. പ്രത്യേക പരിശോധന പരിപാടി ദിവസങ്ങളിൽ വൈകുന്നേരങ്ങളിലും രാത്രിയിലും പ്രസ്തുത പ്രദേശത്തിന്റെ പ്രത്യേകതകളനുസരിച്ച പട്രോളിംഗ് ഏർപ്പെടുത്തേണ്ടതാണ്.

2. സ്ഥിരം പതിവനുസരിച്ച് രഹസ്യവിവരശേഖരണം, കുറ്റകൃത്യം കണ്ടുപിടിക്കൽ മുതലായ കൃത്യമല്ലാത്ത തരത്തിലുള്ള പ്രവൃത്തി നിർദേശങ്ങൾ ഒഴിവാക്കി ഹാജരുള്ള ഉദ്യോഗസ്ഥരെ ക്രിയാത്മകമായും ഉപയോഗ പ്രദമായും പ്രവൃത്തികൾക്ക് നിയമിക്കണം.

3. നിലവിൽ ലഭ്യമായുള്ള വാഹനങ്ങൾ ഒതുക്കി നിർത്താതെ ഫലപ്രദമായി ഉപയോഗിക്കാനുള്ള സംവിധാനം നടപ്പാക്കണം.

4. ഡ്യൂട്ടിയിൽ ഉള്ള ഉദ്യോഗസ്ഥർ ഓഫിസിൽ പ്രവർത്തിക്കുമ്പോൾ നിർബന്ധമായും യൂണിഫോമിൽ തന്നെ ഉണ്ടായിരിക്കണം. ചില ജില്ലാ മേധാവികൾ പോലും ഇത് പാലിക്കുന്നില്ല എന്നാണ് കാണുന്നത്. ഇത് തുടരുവാൻ പാടില്ല. ഇക്കാര്യത്തിൽ 23.12.2015 ന് ഇറക്കിയിട്ടുള്ള സർക്കുലർ നമ്പർ XE5-24086-2015 - ലെ നിർദ്ദേശങ്ങൾ ശ്രദ്ധിക്കേണ്ടതാണ്. ഫീൽഡിൽ രഹസ്യാന്വേഷണത്തിനോ കുറ്റകൃത്യങ്ങൾ കണ്ടുപിടിക്കാനോ ഉള്ള ആവശ്യത്തിനായി യൂണിഫോറം ഒഴിവാക്കി പ്രവർത്തിക്കേണ്ട സന്ദർഭങ്ങളിൽ മാത്രമേ മഫ്തിയിൽ പ്രവൃത്തിയെടുക്കാവൂ.

6. പല ഓഫീസുകളിലും ഒഴിച്ചുകൂടാനാകാത്ത രജിസ്റ്ററുകൾ പോലും സൂക്ഷിക്കുന്നില്ല എന്ന് കാണുന്നു. ഇക്കാര്യത്തിൽ പരിശോധന വിഭാഗത്തിന്റേതായി പുറപ്പെടുവിച്ചിട്ടുള്ളവയും മറ്റു പൊതു നിർദേശങ്ങളിൽ പറയപ്പെട്ടിട്ടുള്ളവയുമായ രജിസ്റ്ററുകൾ നിർബന്ധമായും കൃത്യമായി എഴുതി സൂക്ഷിച്ചിരിക്കണം. ഈ മാസം അവസാനത്തിനു മുൻപ് ഇക്കാര്യം ഡെപ്യൂട്ടി കമ്മീഷണർമാർ നേരിട്ട് പരിശോധിച്ചു ഉറപ്പുവരുത്തണം. അതിനുശേഷം ഇതിൽ വീഴ്ചകൾ കണ്ടാൽ അത് ബന്ധപ്പെട്ട ജില്ലാതല, സർക്കിൾതല മേലുദ്യോഗസ്ഥന്റെ മേൽനോട്ടക്കുറവായി കണക്കാക്കി അനന്തര നടപടി സ്വീകരിക്കുന്നതായിരിക്കും.

ഈ നിർദ്ദേശങ്ങൾ മറ്റു ഓഫീസുകളിലെ ഉദ്യോഗസ്ഥരുടേയും ശ്രദ്ധയിൽ കൊണ്ടുവരേണ്ടതാണ്.

വിശ്വസ്തതയോടെ

എക്സൈസ് കമ്മീഷണർ.

പകർപ്പ്

1. അഡീഷണൽ എക്സൈസ് കമ്മീഷണർ (എൻഫോഴ്സ്മെന്റ്)
2. എക്സൈസ് വിജിലൻസ് ഓഫീസർ
3. മേഖലാ ജോയിന്റ് എക്സൈസ് കമ്മീഷണർമാർ